LIBRARY ARCHIVES Kerala Legislative Assembly

പൊന്നാനി മണ്ഡലത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

50 (742) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് എൻ.ആർ.എച്ച്.എം.-ൽനിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ അതുപ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പ് ഏതുഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ആശുപത്രി എന്നത്തേക്ക് ഉറപ്പായും പ്രവർത്തിക്കാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൊന്നാനി മണ്ഡലത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കായി എൻ.ആർ.എച്ച്.എം. ഫണ്ട് അനുവദിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

ആശുപത്രി സെക്യൂരിറ്റി ജീവനക്കാർ

51 (743) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ്, SAT തുടങ്ങിയ പ്രധാന ആശുപത്രികളിൽ സെക്യൂരിറ്റി ജീവനക്കാരിൽ പുരുഷന്മാർ നെയിംസ്ലിപ്പ് ധരിക്കാൻ കൂട്ടാക്കാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരക്കാർക്ക് നെയിംസ്ലിപ്പ് ധരിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) എങ്കിൽ തിരിച്ചറിയലിന് സഹായകരമായ നമ്പരെങ്കിലും പുരുഷ സെക്യൂരിറ്റി ജീവനക്കാർ ധരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?